# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 നവംബർ 26

# വാർത്താക്കുറിപ്പ്

## എം.ജിയിൽ പ്രൊഫ. ആർ. നരേന്ദ്രപ്രസാദ് അനുസ്മരണം
## പാട്ടില്ലെങ്കിൽ മലയാളിയില്ല: വി.ടി. മുരളി

പലതരം പാട്ടുകളിലൂടെയാണ് മലയാളിയുടെ സംസ്കാരം വളർന്നതെന്നും പാട്ടില്ലെങ്കിൽ മലയാളിയില്ലെന്നും വി.ടി. മുരളി പറഞ്ഞു. മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ലെറ്റേഴ്സിൽ പ്രൊഫ. ആർ. നരേന്ദ്രപ്രസാദ് സ്മാരക പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

നാടൻ പാട്ടുകൾ, ആരാധന പാട്ടുകൾ, മതേതര ഗാനങ്ങൾ, നാടൻ പാട്ടുകൾ, വിപ്ലവ ഗാനങ്ങൾ, ദേശീയോദ്ഗ്രഥന ഗാനങ്ങൾ, നാടകഗാനങ്ങൾ, ലളിത ഗാനങ്ങൾ, ചലച്ചിത്രഗാനങ്ങൾ എന്നിങ്ങനെ നിവർന്നു കിടക്കുന്നതാണ് മലയാളിയുടെ പാട്ടുസംസ്കാരം. പാട്ടുസംസ്കാരം കൂടിയാണ് ദേശസംസ്കാരത്തെ നിർണയിക്കുന്നത്. സംഗീതത്തിന്റെ ഇടപെടലാണ് സംസ്കാരത്തിന്റെ വൈവിധ്യങ്ങളെ ഉത്പാദിപ്പിക്കുന്നതെന്നും 'സ്വപ്നം കാണാൻ പഠിപ്പിച്ച പാട്ടുകൾ' എന്ന വിഷയം അവതരിപ്പിച്ച് അദ്ദേഹം പറഞ്ഞു. സ്കൂൾ ഓഫ് ലെറ്റേഴ്സ് ഡയറക്ടർ പ്രൊഫ. കെ.എം. കൃഷ്ണൻ അധ്യക്ഷത വഹിച്ചു. തുടർന്ന് കലാപരിപാടികൾ അരങ്ങേറി.എം.ടി. നിമിഷ ഭരതനാട്യവും വി.എസ്. അപർണ ശാസ്ത്രീയ സംഗീതവും അവതരിപ്പിച്ചു.

### ചിത്രം കാപ്ഷൻ

**മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ലെറ്റേഴ്സിൽ വി.ടി. മുരളി പ്രൊഫ. ആർ. നരേന്ദ്രപ്രസാദ് സ്മാരക പ്രഭാഷണം നടത്തുന്നു.**

(പി.ആർ.ഒ/39/2071/2019)

## മഹാത്മാഗാന്ധി സർവകലാശാലയിൽ
## ഭരണഘടന ദിനാഘോഷം

ഭരണഘടന നിലവിൽ വന്നതിന്റെ എഴുപതാം വാർഷികം മഹാത്മാഗാന്ധി സർവകലാശാലയിൽ ഭരണഘടന ദിനമായി ആഘോഷിച്ചു. ഭരണവിഭാഗം ചത്വരത്തിൽ നടന്ന ആഘോഷചടങ്ങിൽ പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ ഭരണഘടനയുടെ ആമുഖം വായിച്ചു. സിൻഡിക്കേറ്റംഗങ്ങളായ ഡോ. അജി സി. പണിക്കർ, ഡോ. പി.കെ. പദ്മകുമാർ, രജിസ്ട്രാർ പ്രൊഫ. കെ. സാബുക്കുട്ടൻ, പി.ആർ.ഒ. എ. അരുൺ കുമാർ, ജീവനക്കാർ എന്നിവർ പങ്കെടുത്തു.

### ചിത്രം കാപ്ഷൻ

**ഭരണഘടന ദിനത്തിന്റെ ഭാഗമായി മഹാത്മാഗാന്ധി സർവകലാശാലയിൽ നടന്ന ആഘോഷ ചടങ്ങിൽ പ്രൊഫ. സി.ടി. അരവിന്ദകുമാർ ഭരണഘടനയുടെ ആമുഖം വായിക്കുന്നു.**

(പി.ആർ.ഒ/39/2072/2019)

## നാനോസയൻസിൽ പി.ജി. സർട്ടിഫിക്കറ്റ് പ്രോഗ്രാം; അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസിൽ(ഡി.എ.എസ്.പി.) ഡിസംബർ രണ്ടിന് ആരംഭിക്കുന്ന പി.ജി. സർട്ടിഫിക്കറ്റ് ഇൻ നാനോസയൻസ് ആൻഡ് നാനോ ടെക്നോളജി പ്രോഗ്രാമിൽ ഏതാനും സീറ്റൊഴിവുണ്ട്. ഒരു മാസത്തെ ക്രാഷ് പ്രോഗ്രാമിലേക്ക് സയൻസ്/കണക്ക്/എൻജിനീയറിങ് ബിരുദധാരികൾക്ക് അപേക്ഷിക്കാം. www.dasp.mgu.ac.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായാണ് അപേക്ഷ നൽകേണ്ടത്. വിശദവിവരത്തിന് ഫോൺ: 0481 2731066, 2733578.

(പി.ആർ.ഒ/39/2073/2019)

## പരീക്ഷ ഫലം

2019 ജനുവരിയിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ് സി. സ്പേസ് സയൻസ് ആൻഡ് ടെക്നോളജി (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും ഡിസംബർ ഒമ്പതു വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/2074/2019)

2019 മേയിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ് സി. കമ്പ്യൂട്ടർ എൻജിനീയറിങ് ആൻഡ് നെറ്റ്വർക്ക് ടെക്നോളജി(റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും ഡിസംബർ ഒമ്പതു വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/2075/2019)

2019 മേയിൽ നടന്ന ആറാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.കോം എൽ.എൽ.ബി. ഓണേഴ്സ് (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും ഡിസംബർ ഒമ്പതു വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/2076/2019)

2019 മേയിൽ നടന്ന ആറാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.ബി.എ. എൽ.എൽ.ബി. ഓണേഴ്സ് (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും ഡിസംബർ ഒമ്പതു വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/2077/2019)

2018 ജൂലൈയിൽ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടന്ന ഒന്നാം സെമസ്റ്റർ എം.ഫിൽ ബിഹേവിയറൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ (പാർട്ട്ടൈം- സി.എസ്.എസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/2078/2019)

2019 നവംബറിൽ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടന്ന സെക്കൻഡ് സ്പെൽ പി.എച്ച്ഡി. കോഴ്സ് വർക്ക് (ബിഹേവിയറൽ സയൻസസ് ഫാക്കൽറ്റി സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/2079/2019)

2019 സെപ്റ്റംബറിൽ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ നടന്ന പി.എച്ച്ഡി. കോഴ്സ് വർക്ക് (സയൻസ് ഫാക്കൽറ്റി-സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/2080/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ